©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 സെപ്റ്റംബർ 12
12th September 2025
1201 ചിങ്ങം 27
27th Chingam 1201
1947 ഭാദ്രം 21
21st Bhadra 1947

നമ്പർ
No.
3241

1961 ലെ കേരള സർവ്വേയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6-)0 വകുപ്പ് പ്രകാരമുള്ള പരസ്യം

ബി3-230/2024 തീയതി : 19/08/2025

എറണാകുളം ജില്ലയിലെ പറവൂർ താലൂക്ക് പരിധിയിൽപ്പെട്ട എടയ്ക്കാത്തോട് കൾവർട്ട് പുനർനിർമ്മാണം സംബന്ധിച്ചു താഴെപറയുന്ന താലൂക്കിലെ താഴെപറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പറുകളിൽപ്പെടുന്ന ഭൂമിയുടെ സർവ്വെ നടത്തണമെന്ന് ഗവൺമെൻറ് നിർദ്ദേശിച്ചിരിക്കുകയാൽ താഴെപറയുന്ന വില്ലേജിൽ സർവ്വെ പ്രവർത്തനങ്ങൾ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെപറയുന്ന വില്ലേജിലെ താഴെപറയുന്ന സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961 ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെപറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത ഭൂമിയിൽ അവകാശമുണ്ടെന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ ഏജൻറ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത് ഹാജരാകുന്നതിനും അതിരുകൾ കാണിച്ചുകൊടുക്കുന്നതിനും അതോട് ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനും വേണ്ടി അതത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനും വേണ്ടി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെപറയുന്ന ഭൂമിയിൽ അവകാശബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും

(എ) സർവ്വെ ചെയ്യുന്നതിനുവേണ്ടി നിർമ്മാർജ്ജനം ചെയ്യേണ്ട ആവശ്യമുണ്ടായേക്കാവുന്ന വല്ല മരങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റു തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചുകളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണമെന്നും

(ബി) കൊടി പിടിക്കുന്നവരേയും ചെയിൻമാൻമാരെയും നിയോഗിച്ച് അതത് സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേയ്ക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അത് പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെക്കൊണ്ട് ചെയ്യിക്കുന്നതും ആയതിൻറെ ചെലവ് ആക്ടിലും അത് പ്രകാരമുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്.

ഭൂമിയുടെ വിശദവിവരങ്ങൾ

ജില്ല :- എറണാകുളം താലൂക്ക്:- പറവൂർ

സർവ്വെ നം	ചുറ്റുമുള്ള സർവ്വെ നം
53/4,5,10 ആലങ്ങാട്.	വടക്ക് – ആലങ്ങാട്-സർവേ നമ്പർ-53/11 തെക്ക് - ആലങ്ങാട്-സർവേ നമ്പർ-53/2,53/3 കിഴക്ക് -ആലങ്ങാട്-സർവേ നമ്പർ-53/12,53/9, 53/6,53/3 പടിഞ്ഞാറ്- കോട്ടുവള്ളി-സർവേ നമ്പർ 422
422/4, 422/5 കോട്ടുവള്ളി	വടക്ക് – കോട്ടുവള്ളി -സർവേ നമ്പർ-422/3 തെക്ക് - കോട്ടുവള്ളി വില്ലേജ് -സർവേ നമ്പർ-422/2,3 കിഴക്ക് -ആലങ്ങാട്-സർവേ നമ്പർ-53/10 പടിഞ്ഞാറ്- കോട്ടുവള്ളി-സർവേ നമ്പർ 422/6
53 ആലങ്ങാട്.	വടക്ക് – ആലങ്ങാട്-സർവേ നമ്പർ-73 തെക്ക് - ആലങ്ങാട്-സർവേ നമ്പർ-52 കിഴക്ക് -ആലങ്ങാട്-സർവേ നമ്പർ-54,55 പടിഞ്ഞാറ്- കോട്ടുവള്ളി-സർവേ നമ്പർ 422,423
422 കോട്ടുവള്ളി	വടക്ക് – കോട്ടുവള്ളി -സർവേ നമ്പർ-416 തെക്ക് - കോട്ടുവള്ളി വില്ലേജ് -സർവേ നമ്പർ-423 കിഴക്ക് -ആലങ്ങാട്-സർവേ നമ്പർ-53 പടിഞ്ഞാറ്- കോട്ടുവള്ളി-സർവേ നമ്പർ 421,423

(ഒപ്പ്)

സ്പെഷ്യൽ തഹസിൽദാർ (എൽ.എ)

ജനറൽ, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.12 01:03:42 +05:30